പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *572 — 10.7.2012-ൽ മറുപടിയ്ക്ക്

## സഞ്ചരിക്കുന്ന നാടൻ പച്ചക്കറി വില്പന ശാല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ :<br>,, കെ. മുരളീധരൻ :<br>,, വി.റ്റി. ബൽറാം :<br>,, റ്റി. എൻ. പ്രതാപൻ : | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) നഗരങ്ങളിൽ നിലവാരമുള്ള നാടൻ പച്ചക്കറികൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) നിലവാരമുള്ള നാടൻ പച്ചക്കറികൾ ന്യായവിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർക്കുകയും സംസ്ഥാനത്തുടനീളം റീട്ടെയിൽപച്ചക്കറി സ്റ്റാളുകൾ വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നീ ഏജൻസികളുടെ ആഭിമുഖ്യത്തിൽ മെയ് 2012 മുതൽ ആരംഭിച്ച് പ്രവർത്തനം നടത്തി വരികയും ചെയ്യുന്നു. നഗരങ്ങളിലുൾപ്പെടെ കേരളത്തിൽ വ്യാപിച്ചുകിടക്കുന്ന ഈ സ്റ്റാളുകളിലൂടെ 30 % വരെ വിലകുറച്ച് പച്ചക്കറി വില്പന നടത്തിവരുന്നു. ഇതിൽ വി.എഫ്.പി.സി.കെ മുഖേന 25 സ്റ്റാളുകളും തിരുവനന്തപുരത്തും എറണാകുളത്തുമായി രണ്ട് ബിഗ് ബസാറുകളും ആരംഭിച്ചിട്ടുണ്ട്. ഹോർട്ടികോർപ്പ് 98 സ്റ്റാളുകൾ നേരിട്ട് നടത്തുന്നതിന് പുറമെ 41 സ്റ്റാളുകൾ സപ്ലൈകോയുമായി സഹകരിച്ചും നടത്തുവാൻ ലക്ഷ്യമിട്ടതിൽ 32 സ്റ്റാളുകൾ ആരംഭിച്ച് കഴിഞ്ഞു . സപ്ലൈകോ മുഖേന 26 സ്റ്റാളുകൾ പ്രവർത്തിച്ചുവരുന്നു. |
| (ബി) ഇതിനുവേണ്ടിയുള്ള സഞ്ചരിക്കുന്ന വിൽപനശാലകൾ ഏതെല്ലാം നഗരങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്; | (ബി) ഹോർട്ടികോർപ്പിന്റെ ആഭിമുഖ്യത്തിൽ സഞ്ചരിക്കുന്ന നാല് വില്പനശാലകൾ ഇപ്പോൾ തിരുവനന്തപുരം നഗരത്തിൽ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട്, കണ്ണൂർ നഗരങ്ങളിലും ഇതിന്റെ പ്രവർത്തനം വ്യാപിപ്പി– |

ക്കുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ്പ് ആരംഭിച്ചുകഴിഞ്ഞു ,

കൃഷിവകുപ്പിന്റെ കീഴിലുള്ള ആനയറ മൊത്ത വ്യാപാരവിപണിയിൽ, കർഷകഗ്രൂപ്പുകളിൽ നിന്നുള്ള പച്ചക്കറികൾ സഞ്ചരിക്കുന്ന വില്പനശാലകളിലൂടെ കർഷകർ നേരിട്ട് തിരുവനന്തപുരം നഗരപ്രദേശത്ത് ന്യായവിലയ്ക്ക് വില്പന നടത്തുന്നു.

(സി) എവിടെ നിന്നെല്ലാമാണ് കാർഷികോല്പന്നങ്ങൾ സ്വീകരിക്കുന്നത്;

(സി) ആനയറ മൊത്ത വ്യാപാരവിപണിയിൽ വിപണിയോടനുബന്ധിച്ച് രൂപീകരിച്ചിട്ടുള്ള കർഷകഗ്രൂപ്പുകളിലെ കാർഷികോൽപന്നങ്ങൾ നേരിട്ട് സ്വീകരിക്കുന്നു. നെടുമങ്ങാട് മൊത്ത വ്യാപാര വിപണിയിൽ നിന്നും സഞ്ചരിക്കുന്ന സ്റ്റാളുകൾക്കായി ഹോർട്ടികോർപ്പ് ഉൽപന്നങ്ങൾ ശേഖരിക്കുന്നുണ്ട്, വി.എഫ്.പി.സി.കെ വില്പനശാലകളിലേക്കാവശ്യമായ കാർഷികോൽപന്നങ്ങൾ അവരുടെ സ്വാശ്രയ കർഷക വിപണികളിൽ നിന്നും സംഭരിക്കുന്നുണ്ട്.

ഹോർട്ടികോർപ്പ് സ്റ്റാളുകളിലേക്കാവശ്യമായ കാർഷികോൽപ്പനങ്ങൾ കർഷകരിൽ നിന്ന് നേരിട്ടും , വി.എഫ്.പി.സി.കെ, കൃഷി വകുപ്പിന്റെ കാർഷികമൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നും , ലഭ്യമല്ലാത്തവ അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് സംഭരിക്കുന്നത്.

(ഡി) സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

(ഡി) ഹോർട്ടികോർപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നഗരത്തിൽ ആരംഭിച്ചിട്ടുള്ള സഞ്ചരിക്കുന്ന വില്പനശാലയുടെ പ്രവർത്തനം ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലേക്കും വ്യാപിപ്പിക്കുന്നതാണ്. ഇതിന് മുന്നോടിയായി തിരുവനന്തപുരത്തിന് പുറമേ എറണാകുളം, കോട്ടയം , കോഴിക്കോട് നഗരങ്ങളിൽ ഉടനടി സഞ്ചരിക്കുന്ന വില്പനശാലയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ്പ് സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ